ശമ്പള പരിഷ്കരണ കമ്മീഷൻ

5(5) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള 9-ാം ശമ്പള പരിഷ്കരണ കമ്മീഷനെ എന്നാണ് നിയമിച്ചത്; പ്രസ്തുത കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് നൽകിയത് എന്നാണ് എന്നീ വിവരങ്ങൾ അറിയിക്കാമോ ;

(ബി) 10-ാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ട് എത്ര മാസമായി ; പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്. 10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് എന്ന് അനുഭവവേദ്യമാകും എന്നീ വിവരങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള 9-ാം ശമ്പളപരിഷ്കരണ കമ്മീഷൻ, 20-2-2010-ലെ സ.ഉ. (കൈ) നമ്പർ 81/2010/ധന. പ്രകാരം സർക്കാർ നിയമിക്കുകയുണ്ടായി. കമ്മീഷൻ സർക്കാരിന് 31-2-2010-ൽ റിപ്പോർട്ട് സമർപ്പിച്ചു.

(ബി) 10-ാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ട് 28-2-2015-ൽ 15 മാസം പൂർത്തിയായിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. 10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് ലഭ്യമായതിനുശേഷം സർക്കാർ ശമ്പളപരിഷ്കരണം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ

6 (6) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ എം.എൽ.എ.-മാർക്ക് ലഭ്യമാക്കണമെന്ന ഉത്തരവുണ്ടായിട്ടും പല വകുപ്പുകളും ഈ ഉത്തരവ് പാലിക്കാൻ തയ്യാറാകാത്തതിന്റെ കാരണം വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഉത്തരവിനെ സംബന്ധിച്ച് സെക്രട്ടേറിയറ്റിലെ തന്നെ വകുപ്പുകൾക്ക് അറിവില്ലാത്തതിനാലും അറിവുള്ള വകുപ്പുകൾ എം.എൽ.എ.-മാർക്ക് ആമുഖ കത്ത് തയ്യാറാക്കുകയാണെന്നും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കും എന്നെല്ലാം പറഞ്ഞ് പകർപ്പ് ലഭ്യമാക്കാത്തതും പല വികസന പദ്ധതികളും സമയബന്ധിതമായി നടപ്പാക്കുന്ന കാര്യത്തിൽ സൃഷ്ടിക്കുന്ന അനാവശ്യ കാലതാമസം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ ;

(ഡി) എം.എൽ.എ.-മാർ മുഖാന്തരം സമർപ്പിക്കപ്പെടുന്ന നിയോജക മണ്ഡലങ്ങളിൽ നിന്നുള്ള വ്യക്തിഗത അപേക്ഷകളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പുകൾ എം.എൽ.എ.-മാർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വികസനപ്രവർത്തനങ്ങളെ സംബന്ധിച്ചും നിയോജക മണ്ഡലത്തിലെ വികസനത്തെ സംബന്ധിച്ചുമുള്ള സർക്കാർ ഉത്തരവുകൾ എം.എൽ.എ.-മാർക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് പാർലമെന്ററികാര്യവകുപ്പിൽ നിന്നും 7-5-2008-ൽ പുറപ്പെടുവിച്ച 1294/എ.2/07/പാ.കാ.വ. നമ്പർ സർക്കുലറിലേയും പൊതുഭരണ (ഏകോപനം)വകുപ്പിൽ നിന്നും 21-11-2011-ൽ പുറപ്പെടുവിച്ച 77369/സിഡിഎൻ. 4/11/പൊ.ഭ.വ. നമ്പർ സർക്കുലറിലെയും നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും/വകുപ്പുതലന്മാർക്കും കർശനനിർദ്ദേശം നൽകി 11-6-2012-ൽ സ.ഉ (എംഎസ്.) നമ്പർ 142/12/പൊ.ഭ.വ നമ്പരായി ഉത്തരവ് നിലവിലുണ്ട്. ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) എം.പി./എം.എൽ.എ.-മാർ തുടങ്ങിയ ജനപ്രതിനിധികളിൽ നിന്ന് ലഭിക്കുന്ന നിവേദനങ്ങൾ/കത്തുകൾ എന്നിവയ്ക്ക് മുന്തിയ പരിഗണന നൽകണമെന്നും ഇത്തരം കത്തുകൾ ലഭിച്ച ഉടനെ തന്നെ അവ ലഭിച്ചതായുള്ള വിവരം കാണിച്ച് താൽകാലിക മറുപടി നൽകണമെന്നും പ്രസ്തുത കത്തുകളിലും നിവേദനങ്ങളിലും തീരുമാനമെടുക്കുമ്പോൾ അക്കാര്യം വിശദമാക്കിക്കൊണ്ടുള്ള അന്തിമ മറുപടി ജനപ്രതിനിധികൾക്ക് നൽകേണ്ടതാണെന്നും വ്യക്തമാക്കി 26-6-2013-ലെ 11743/ഉപ.സി.3/13/ഉഭപവ. നമ്പർ സർക്കുലർ നിർദ്ദേശം എല്ലാ വകുപ്പുതലവന്മാർക്കും ജില്ലാ കളക്ടർമാർക്കും ഉദ്യോഗസ്ഥ ഭരണപരിഷ്കാര ഉപദേശ (സി) വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നയപരമായ പ്രശ്നങ്ങളെ ബാധിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട നിയമസഭാ സാമാജികർക്ക് യഥാസമയം എത്തിക്കണമെന്ന പാർലമെന്ററികാര്യ (എ) വകുപ്പിൽ നിന്നുള്ള 6-2-2013-ലെ 2717/എ 2/12/പാകാവ. നമ്പർ സർക്കുലർ നിർദ്ദേശം എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly